പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2807 10.07.2015 - ൽ മറുപടിയ്ക്ക്

## ദത്തെടുക്കൽ നടപടിക്രമങ്ങളിലെ കാലതാമസം

ചോദ്യം

ശ്രീ. കെ.എൻ. എ.ഖാദർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുട്ടികളില്ലാത്തതും ദത്തെടുക്കലിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ എത്ര ദമ്പതിമാർ ഉണ്ട്; നടപടിക്രമങ്ങൾ അനുസരിച്ച് ദത്തെടുക്കാൻ കഴിയുന്ന എത്ര കുട്ടികൾ സംസ്ഥാനത്തുണ്ട് ; | (എ) | സംസ്ഥാനത്ത് കുട്ടികളില്ലാത്തതും ദത്തെടുക്കലിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ 168 ദമ്പതികൾ ഉണ്ട്. നടപടിക്രമങ്ങൾ അനുസരിച്ച് ദത്തെടുക്കാൻ കഴിയുന്ന 75 കുട്ടികൾ സംസ്ഥാനത്തുണ്ട്. |
| (ബി) | നിയമ പ്രകാരമുള്ള ദത്തെടുക്കലിന് അപേക്ഷ സമർപ്പിച്ച ദമ്പതികൾക്ക് ദത്ത് അനുവദിച്ച നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണം ; | (ബി) | ഉണ്ട്.അപേക്ഷകർ ആഗ്രഹിക്കുന്ന പ്രകാരമുള്ള കുഞ്ഞുങ്ങളുടെ ലഭ്യതകുറവും, പ്രായക്കൂടുതലുള്ള ദമ്പതിമാർക്ക് കൈക്കുഞ്ഞിനെതന്നെ വേണമെന്ന നിർബന്ധവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മുതിർന്ന കുട്ടികളെ ദത്ത് എടുക്കാൻ വിമുഖത കാട്ടുന്നതുമാണ് ദത്ത് നൽകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള പ്രധാന കാരണങ്ങൾ. |
| (സി) | ദത്തെടുക്കൽ നിയമത്തിൽ കർശന നിബന്ധനകൾ പലപ്പോഴും ദത്തെടുക്കാൻ തയ്യാറാകുന്ന ദമ്പതികളെ പിൻതിരിപ്പിക്കുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ ആവശ്യമായ ഇളവുകൾ അടിയന്തിരമായി ഏർപ്പെടുത്തി ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ ? | (ഡി) | സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി (CARA) കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും, ബാലനീതി നിയമവും അനുസരിച്ചാണ് സംസ്ഥാനത്ത് കുഞ്ഞുങ്ങളെ ദത്ത് നൽകുന്നത്. ദത്ത് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് രൂപം വന്നപ്പോൾ ആവശ്യമായ ഇളവുകൾ വരുത്തുവാൻ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ